# അന്തർ ജില്ലാ വാഹന മോഷ്ടാവ് പിടിയിൽ

കൊല്ലം : അന്തർ ജില്ലാ വാഹന മോഷണം നടത്തി വന്നയാളെ കൊല്ലം സിറ്റി പോലീസ് സ്പെഷ്യൽ ടീമും കൊട്ടിയം പോലീസും ചേർന്ന് പിടികൂടി. തെക്കൻ കേരളത്തിൽ വ്യപകമായി കാർ, ആട്ടോറിക്ഷാ, ബൈക്ക് എന്നിവ മോഷ്ടിച്ച് വന്നിരുന്ന കൊട്ടാരക്കര ഓടനവട്ടം തുറവൂർ ആര്യ മന്ദിരത്തിൽ രാഘവൻ മകൻ ശ്രീകുമാർ (29) ആണ് പോലീസ് പിടിയിലായത്. കഴിഞ്ഞ മൂന്ന് മാസങ്ങൾക്ക് മുമ്പ് ആലപ്പുഴ നിന്നും സ്ക്കൂട്ടർ മോഷ്ടിച്ച് കൊട്ടിയത്ത് തഴുത്തല എത്തിയ ഇയാൾ അവിടെ ഒരു വീട്ടിൽ നിന്നും ആട്ടോറിക്ഷായും മൊബൈലും മറ്റ് ഗൃഹോ പകരണങ്ങളും മോഷ്ടിച്ചു. തുടർന്ന് കൊട്ടാരക്കര നിന്നും ആട്ടോ റിക്ഷായും കൊട്ടിയത്ത് നിന്നും കാറും മോഷ്ടിച്ചു. തെന്മല നിന്നും ആട്ടോ റിക്ഷാ മോഷ്ടിച്ച ഇയാൾ ആ വീട്ടിൽ നിന്നും ഗൃഹോപകരണങ്ങളും മൊബൈലും കവർന്നിരുന്നു. 2019 ൽ കടവൂർ ഹോം സ്റ്റേയിൽ നടത്തിയ മോഷണത്തിലും ഇയാൾ പ്രതിയാണ്. കൊല്ലം സിറ്റി പോലീസ് മേധാവി നാരായണൻ.റ്റി ഐ.പി.എസ്സിന്റെ നിർദ്ദേ ശാനുസരണം, സ്പെഷ്യൽ ബ്രാഞ്ച് എ.സി.പി. എസ്സ്.വൈ. സുരേഷിന്റെ നേതൃ ത്വത്തിൽ കൊട്ടിയം ഇൻസ്പെക്ടർ ശ്രീധരൻ പി.കെ, സ്പെഷ്യൽ ബ്രാഞ്ച് എസ്സ്. ഐ. ആർ. ജയകുമാർ, എ. എസ്സ്. ഐ ബൈജൂ ജെറോം, എസ്സ്. സി.പി. ഓ മാരായ സജു, സീനു, മനു, രിപു, രതീഷ് എന്നിവർ ചേർന്നാണ് പ്രതിയെ ഒളിവിട ത്തിൽ നിന്നും പിടികൂടിയത്.



ഓടനവട്ടം തുറവൂർ ആര്യ മന്ദിരത്തിൽ രാഘവൻ മകൻ ശ്രീകുമാർ (29)